"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം മുമ്പാകെ ശ്രീമതി വിനീത എം. എസ്.-ഉം മറ്റുള്ളവരും ഫയൽ ചെയ്ത ഒ.എ. നം.1640/2019 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 10.01.2023 തീയതിയിലെ അന്തിമ വിധി അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1011/2024/H&FWD തീയതി,തിരുവനന്തപുരം, 15-04-2024

പരാമർശം:-

1. സ.ഉ. (അ) നം36/91/ഉ.ഭ.പ.വ. തീയതി 02.12.1991.
2. സ.ഉ. (കൈ) നം.124/2007/H&FWD തീയതി 01.06.2007.
3. സ.ഉ. (സാധാ) നം.3186/2011/H&FWD dated 05.09.2011.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.02.2018 തീയതിയിലെ ഇ.എസ്.3-20120/17/ആ.വ.ഡ നമ്പർ ഉത്തരവ്
5. ശ്രീമതി വിനീത എം.എസ്.-ഉം മറ്റുള്ളവരും ഫയൽ ചെയ്ത ഒ.എ. നം. 1640/2019 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 10.01.2023 തീയതിയിലെ അന്തിമ വിധി.
6. അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരത്തിന്റെ 17.01.2023 തീയതിയിലെ C (TVM)5 - OA 1640/2019/2023005087 നമ്പർ കത്ത്.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.10.2023, 12.03.2024 തീയതികളിലെ ഇ.എസ്.3-3388/2022/ആ.വ.ഡ നമ്പർ കത്തുകൾ.

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സേവനത്തിൽ പ്രവേശിക്കുകയും ദ്വിഭരണ സംവിധാനം അവസാനിപ്പിച്ചതിന്റെ ഭാഗമായി ഓപ്ഷൻ നൽകിയതിനെത്തുടർന്ന് അരോഗ്യ വകുപ്പിൽ നിയമനം ലഭിക്കുകയും ചെയ്ത തങ്ങൾക്ക് അഡ്വൈസ് സീനിയോറിറ്റി ലഭിച്ചില്ലായെന്ന് ആരോപിച്ച് ശ്രീമതി വിനീത എം. എസ്.-ഉം മറ്റുള്ളവരും ഫയൽ ചെയ്ത ഒ. എ. 1640/2019 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 10.01.2023 തീയതിയിൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചു. അപേക്ഷകർ ഉന്നയിക്കുന്ന വിഷയങ്ങൾ പരിഗണിച്ച് അനുബന്ധം

എ4 സീനിയോറിറ്റി പട്ടികയിൽ ടിയാളുകളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് അപേക്ഷകരെ നേരിൽ കേട്ടശേഷം തീരുമാനം കൈക്കൊള്ളാൻ ഒന്നാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറിയോട് ബഹു. ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു. അനുബന്ധം എ8 സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരുടേതിന് സമാനമാണ് അപേക്ഷകരുടെ സാഹചര്യമെങ്കിൽ സീനിയോറിറ്റി പുനസ്ഥാപിച്ച് ലഭിക്കുന്നതിന് അവർ അർഹരായിരിക്കുമെന്നും ടി ഉത്തരവിൽ വ്യക്തമാക്കുന്നു.

2. പരാതിക്കാരെ സർക്കാരിൽ നേരിൽ കേൾക്കുകയുണ്ടായി. അപേക്ഷകരുടെ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

(i) 22.02.2018-ലെ ES3-20120/17/DHS ഓർഡർ പ്രകാരം പുറപ്പെടുവിച്ച 2003 മുതൽ 2010 വരെയുള്ള വർഷങ്ങളിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II-ന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഇടം നേടുന്നതിന് അപേക്ഷകർ അർഹർ ആണെന്ന് പ്രഖ്യാപിക്കുകയും, അവരുടെ അർഹമായ സീനിയോറിറ്റി അനുസരിച്ച് അവരെ അവരുടെ ഉചിതമായ സ്ഥാനത്ത് നിർത്തുകയും ചെയ്യുക.

(II) അനുബന്ധം എ8 സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാർക്ക് നൽകിയ ആനുകൂല്യത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ആവശ്യം പരിഗണിക്കുക.

3. അപേക്ഷകരെ 15.11.2023-ന സർക്കാർ നേരിൽ കേൾക്കുകയുണ്ടായി. അപേക്ഷകരും, ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരും ഹാജാരായിരുന്നു.

4. അനുബന്ധം എ8 സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരുടേതിന് സമാനമായ സാഹചര്യമാണ് തങ്ങളുടേതെന്നും ആയതിനാൽ അഡ്വൈസ് സീനിയോറിറ്റി നൽകി സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനം നൽകണമെന്ന് അപേക്ഷകർ അഭ്യർത്ഥിച്ചു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ.ഉ.(കൈ) നമ്പർ 124/2007/ആ.കു.വ. തീയതി 01.06.2007 പ്രകാരം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ജോലിചെയ്തിരുന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലുണ്ടായിരുന്ന ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലാക്കുകയും അതുവഴി വകുപ്പിൽ നിലനിന്നിരുന്ന ദ്വിഭരണ സംവിധാനം സർക്കാർ നിർത്തലാക്കുകയുമുണ്ടായി. ദ്വിഭരണ സംവിധാനം അവസാനിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലുണ്ടായിരുന്ന തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഷിഫ്റ്റ് ചെയ്യപ്പെട്ടു. ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് മാത്രമായിരുന്നു ഓപ്ഷൻ നൽകാൻ വ്യസ്ഥയുണ്ടായിരുന്നത്. ഈ ജീവനക്കാർക്ക് അഡ്വൈസ് സീനിയോറിറ്റി സംരക്ഷിച്ച് നൽകിയിരുന്നു.

6. പിന്നീട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് മാറ്റപ്പെട്ട തസ്തികകളിൽ ജോലിചെയ്തിരുന്ന സ്റ്റാഫ് നഴ്സമാർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തന്നെ തുടരുന്നതിനോ മറിച്ച് ആരോഗ്യ വകുപ്പ് തെരഞ്ഞെടുക്കുന്നതിനായോ അവസരം നൽകിയിരുന്നു. അപേക്ഷകർ ഈ ഗണത്തിൽ ഉൾപ്പെട്ടവരും ആരോഗ്യ വകുപ്പ് തെരഞ്ഞെടുത്തവരുമായിരുന്നു. ഇരട്ട നിയന്ത്രണ

സംവിധാനം നിർത്തലാക്കുന്നതിന്റെ അവസാന ഘട്ടത്തിൽ ഇത്തരത്തിൽ ഓപ്ഷന് അവസരം നൽകിയതിനാൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ആരോഗ്യ വകുപ്പ് തെരഞ്ഞെടുത്ത സ്റ്റാഫ് നേഴ്സുമാരുടെ എണ്ണക്കൂടുതൽ മൂലവും ഒഴിവിന്റെ അഭാവം നിമിത്തവും നിയമനം നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. സ.ഉ.(സാധാ) നം.3186/2011/H&FWD തീയതി 05.09.2011, Letter No. 36880/C3/2011/H&FWD dated 14.09.2011 എന്നിവയുടെ അടിസ്ഥാനത്തിലാണ് ആ ജീവനക്കാരുടെ ആരോഗ്യ വകുപ്പിലേയ്ക്കുള്ള നിയമനം ക്രമീകരിച്ചിരുന്നത്. ടി ഉത്തരവനുസരിച്ച് മെഡിക്കൽ കോളേജുകളിൽ നിന്ന് വിടുതൽ ചെയ്ത സ്റ്റാഫ് നേഴ്സുമാരെ അവരുടെ രേഖാമൂലം ആവശ്യപ്പെടുന്ന മുൻഗണന അനുസരിച്ച് അന്തർജില്ലാ സ്ഥലംമാറ്റം മുഖാന്തിരം ആരോഗ്യ വകുപ്പിൽ നിയമിക്കാവുന്നതാണ് എന്ന് നിർദ്ദേശം നൽകിയിരുന്നു. സ്റ്റാഫ് നേഴ്സുമാരെ വിന്യസിക്കാൻ, നിലവിലുള്ള സബ്സ്റ്റാന്റീവ് ഒഴിവുകളും സൂപ്പർ ന്യൂമററി ഒഴിവുകളും ഉപയോഗിക്കുവാനും നിർദേശം നൽകിയിരുന്നു.

7. സ.ഉ.(സാധാ) നം.3186/2011/H&FWD തീയതി 05.09.2011, കത്ത് നമ്പർ 36880/C3/2011/H&FWD തീയതി 14.09.2011 എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ EE1/58261/2011/DHS തീയതി 29.09.2011 ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവ് പ്രകാരം അപേക്ഷകരുൾപ്പെടെ 18 പേരെ ടിയാളുകളുടെ ഇഷ്ടാനുസരണം തെരഞ്ഞെടുത്ത/ആവശ്യപ്പെട്ട ജില്ലകളിൽ നിയമനം നൽകി. അപേക്ഷകർ തെരഞ്ഞെടുത്ത/ആവശ്യപ്പെട്ട ജില്ലകളിൽ നിയമനം നൽകിയതിനാൽ സ.ഉ.(അ) നം. 36/91/ഉ.ഭ.പ.വ തീയതി 02.12.1991 പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ സീനിയോറിറ്റി നിശ്ചയിക്കുന്നതിൽ ബാധകമായിരിക്കുമെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ പോസ്റ്റിംഗ് ഓർഡർ നൽകുമ്പോൾ സീനിയോറിറ്റി നഷ്ടമാകുമെന്നുള്ള ഡിക്ലറേഷൻ അപേക്ഷകരുൾപ്പെട്ട ജീവനക്കാരിൽനിന്നും എഴുതിവാങ്ങണമെന്നും ആയത് ബന്ധപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ ഒട്ടിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

8. സ.ഉ.(അ) നം. 36/91/ഉ.ഭ.പ.വ തീയതി 02.12.1991 പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് തെരെഞ്ഞെടുക്കാൻ ഈ ജീവനക്കാർക്ക് അവസരം നൽകിയത്. അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ ബാധകമായതിനാലാണ് അപേക്ഷകർക്ക് അഡ്വൈസ് സീനിയോറിറ്റിക്ക് അർഹതയില്ലാത്തത്. അപേക്ഷകർ സമർപ്പിച്ച അന്തർ ജില്ലാ സ്ഥലം മാറ്റ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് അവർക്ക അവർ ആവശ്യപ്പെട്ട ജില്ലകളിലേക്ക് സ്ഥലം മാറ്റം അനുവദിച്ചത്. G.O. (P) No. 36/91/P&ARD dated 02.12.1991 ലെ നിബന്ധനകൾ പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അപേക്ഷകരുടെ സീനിയോറിറ്റി പുതിയ ജില്ലയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമാണ് പരിഗണിക്കുക. അതിനാൽ പി.എസ്.സി.-യുടെ അഡ്വൈസ് സീനിയോറിറ്റി ഇവർക്ക് ബാധകമല്ല. അതിനാലാണ് ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഇവർക്ക് ഇടം നേടാൻ കഴിയാതെ ആയത്. അനുബന്ധം എ8 സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരെ ആരോഗ്യ വകുപ്പിൽ നിയമിച്ചത് ടി ജീവനക്കാരുടെ ഇഷ്ടപ്രകാരമായിരുന്നില്ല. ആയതിനാൽ അനുബന്ധം എ8 - ലേതിന് സമാനമായ സാഹചര്യമല്ല അപേക്ഷകരുടെ കാര്യത്തിലുള്ളത്. അന്തർ ജില്ലാ സ്ഥലംമാറ്റം

സംബന്ധിച്ച നിയമങ്ങൾ പ്രകാരം അഡ്വൈസ് സീനിയോറിറ്റി നൽകാൻ വ്യവസ്ഥ ഇല്ലാത്തതിനാൽ, ശ്രീമതി വിനീത എം. എസ്.-ഉം മറ്റുള്ളവരും ചേർന്ന് സമർപ്പിച്ച അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല.

9 . മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ദ്വിഭരണ സംവിധാനം അവസാനിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് തെരഞ്ഞെടുത്തിട്ടും അഡ്വൈസ് സീനിയോറിറ്റി നഷ്ടമായെന്ന അപേക്ഷകരുടെ ആരോപണം നിലനിൽക്കുന്നതല്ല. അതിനാൽ, അപേക്ഷകരുടെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം ബഹു. ട്രൈബ്യൂണലിന്റെ 10.01.2023 തീയതിയിലെ വിധിന്യായം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീമതി വിനീത എം. എസ്; നസറത്ത്, പേരൂർ, കാര്യവട്ടം പി.ഒ, തിരുവനന്തപുരം - 695 581.
ശ്രീമതി വീണ റാണി ഒ; വേലിവിളാകത്ത് പുത്തൻ വീട്, മഞ്ചാടിമൂട്, ചിറയിൻകീഴ്, തിരുവനന്തപുരം - 695 304.
ശ്രീമതി ദിവ്യ ബി.ജെ; റോയൽ പേൾ, സി.എസ്.ഐ. പള്ളിക്കു സമീപം, തിമരിച്ചൽ, മലയിൻകീഴ് പി.ഒ, തിരുവനന്തപുരം - 695 571.
ബീന എൽ; ക്രൈസ്റ്റ് ഭവൻ, കുറയ്ക്കാമൂല, കാച്ചാംപഴിഞ്ഞി, തിരുവനന്തപുരം - 695 133.
കുമാരി ഷിജി എസ്.ആർ; സുരേഷ്ണ ഭവൻ, ചെമ്പൻവിള, കരുംകുളം, പുതിയറ പി.ഒ, തിരുവനന്തപുരം - 695 525.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 16-04-2024 11:25:10
സെക്ഷൻ ഓഫീസർ